8114
9/2/18

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- പുനലൂർ ഡിവിഷൻ-അഞ്ചൽ റെയിഞ്ച് ഏരൂർ സെക്ഷൻ-ഉണങ്ങിയ തേക്കുമരം മുറിച്ചുമാറ്റിയതുമായി ബന്ധപ്പെട്ട അച്ചടക്ക നടപടി-ശ്രീ.പി.കെ.രാജേന്ദ്രൻ, ഡെപ്യൂട്ടി റെയിഞ്ചർ സമർപ്പിച്ച റിവ്യൂ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.485/2017/വനം          തീയതി, തിരുവനന്തപുരം, 16.12.2017

---

പരാമർശം :- (1) കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 04.09.2014 ലെ ക്യൂ 1-5520/09 നമ്പർ ഉത്തരവ്

(2) കൊല്ലം റീജിയണൽ സൗത്ത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 06.07.2015 ലെ ആർഎസ് ഇ-6516/14 നമ്പർ ഉത്തരവ്

(3) ശ്രീ.പി.കെ.രാജേന്ദ്രൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ 19.10.2015 ൽ സർക്കാരിൽ സമർപ്പിച്ച റിവ്യൂ ഹർജി

4) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്റു (ഭരണം) ടെ 05.6.2016 ലെ ബി2-63478/15 നമ്പർ കത്ത്

**ഉത്തരവ്**

പുനലൂർ ഡിവിഷനിൽ അഞ്ചൽ റെയിഞ്ചിൽ ഏരൂർ സെക്ഷനിലെ കമ്പംകോട് എണ്ണപ്പന തോട്ടത്തിന്റെ സമീപത്ത് താമസിക്കുന്ന ശ്രീമതി.സുഭാഷിണി, ശ്രീമതി.രമണി എന്നിവരുടെ വീടുകൾക്ക് ഭീഷണിയായി നിന്നിരുന്ന ഉണക്ക തേക്ക് മരം റെയിഞ്ച് ഓഫീസറുടെയും, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെയും അനുവാദം വാങ്ങാതെ അനധികൃതമായി സെക്ഷൻ ഫോറസ്റ്റർ ശ്രീ.മോഹൻദാസിന്റെ നിർദ്ദേശപ്രകാരം മാസങ്ങൾക്ക് മുൻപ് മുറിച്ചിട്ടിരുന്നത് സെക്ഷൻ ഫോറസ്റ്റർ ആയിരുന്ന ശ്രീ.പി.കെ.രാജേന്ദ്രന്റെ നിർദ്ദേശ പ്രകാരം 30.6.2009 ൽ താൽക്കാലിക മസ്ദൂർ വാച്ചർമാരായ ശ്രീ.സോമു, ശ്രീ.വിക്രമൻ എന്നിവർ ചേർന്ന് കഷണങ്ങളാക്കി റെയിഞ്ചാഫീസിൽ എത്തിക്കാനെന്ന വ്യാജേന കെ.എൽ.02-ജി 3087 നമ്പർ

ടാറ്റാ 407 മിനി ലോറിയിൽ കയറ്റി കൊണ്ടു പോയതുമായി ബന്ധപ്പെട്ട് പുനലൂർ ഫ്ലൈയിംഗ് സ്ക്വാഡ് 4.7.2009 ൽ ഒ.ആർ 6/09 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. ടി തേക്ക് തടികൾ ഏരൂർ ഭാഗത്തുള്ള റിയാസ് സോമില്ലിൽ ഇറക്കിയിട്ടുള്ളത്. 1.7.2009 ൽ അറുത്ത് ഉരുപ്പടികളാക്കിയ ശേഷം ഫോറസ്റ്റർ ശ്രീ.പി.കെ.രാജേന്ദ്രനും, ശ്രീ.സഹദേവൻ ആശാരിയും കൂടി ജീപ്പിൽ കയറ്റിക്കൊണ്ടു പോയിട്ടുള്ളതായി ഫോറസ്റ്റ് ഓഫീസർക്ക് വിവരം ലഭിക്കുകയുണ്ടായി. അനധികൃതമായി തടി കടത്തിയ ഫോറസ്റ്റർ ശ്രീ.പി.കെ.രാജേന്ദ്രൻ 4.7.2009 മുതൽ 5.7.2009 വരെ അനുവാദമില്ലാതെ ഹെഡ് ക്വാർട്ടേഴ്സ് വിട്ടുപോയിട്ടുള്ളതായും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2) ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ 10.7.2009 ൽ കൊല്ലം റീജിയണൽ സൗത്ത് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും 15.11.2010 ൽ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുകയും ചെയ്തു.

3) തുടർന്ന് താഴെപ്പറയുന്ന കുറ്റങ്ങൾക്ക് കുറ്റപത്രം/ കുറ്റാരോപണ പത്രിക എന്നിവ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തു.

i) റെയിഞ്ചാഫീസിൽ എത്തിച്ച് സൂക്ഷിക്കേണ്ടിയിരുന്ന സർക്കാർ വക തേക്ക്തടി, റെയിഞ്ചാഫീസിൽ എത്തിക്കാനെന്ന വ്യാജേന അറുത്തുമുറിച്ച് കഷണങ്ങളാക്കി കടത്തി സമീപത്തുള്ള തടിമില്ലിൽ എത്തിച്ച് അവിടെ നിന്നും ഉരുപ്പടികളാക്കി നീക്കം ചെയ്ത് സ്വന്തം ഉപയോഗത്തിനായി ഫർണിച്ചർ കടയിൽ എത്തിച്ച് അനധികൃതമായി സൂക്ഷിച്ചു.

ii) പൊതുമുതൽ സംരക്ഷിക്കുന്നതിന് ഉത്തരവാദപ്പെട്ട ടിയാൻ വേലിതന്നെ വിളവു തിന്നുന്നു എന്ന രീതിയിൽ ഗുരുതരമായ ക്രിമിനൽ കുറ്റകൃത്യം മറ്റ് പ്രതികൾക്കൊപ്പം ചെയ്തതുവഴി അഞ്ചൽ റെയിഞ്ചിൽ രജിസ്റ്റർ ചെയ്ത ഒ.ആർ.16/09 എന്ന കേസ്സിൽ ഒന്നാം പ്രതിയായി ഡിപ്പാർട്ട്മെന്റിന്റെ പ്രതിഛായയ്ക്ക് കളങ്കം ഉണ്ടാക്കി.

ii) സർക്കാർ മുതൽ സംരക്ഷിക്കുന്നതിന് ഉത്തരവാദിത്വമുള്ള ഫോറസ്റ്റർ തസ്തികയിൽ ജോലി നോക്കിക്കൊണ്ട് പ്രസ്തുത തസ്തികയുടെ അധികാര ദുർവിനിയോഗം ചെയ്ത് സർക്കാർ മുതൽ മോഷ്ടിച്ച് കടത്തിയത് വഴി പ്രസ്തുത തസ്തികയിൽ ജോലി നോക്കുവാൻ അർഹതയില്ലായെന്ന് തെളിയിച്ചു.

iv) മേൽ പ്രവർത്തിവഴി സർക്കാരിന് 15,000/- രൂപയുടെ സാമ്പത്തിക നഷ്ടം

ഉണ്ടാക്കി.

v) മേൽ കുറ്റകൃത്യം കണ്ടുപിടിച്ച് പുനലൂർ ഫോറസ്റ്റ് ഫ്ലൈയിംഗ് സ്ക്വാഡ് മഹസ്സർ തയ്യാറാക്കിയ 4.7.2009 മുതൽ ടിയാൻ ഔദ്യോഗിക ഉത്തരവാദിത്വം അവഗണിച്ച് അവധിയോ, അനുവാദമോ കൂടാതെ ഹെഡ്ക്വാർട്ടേഴ്സ് വിട്ടുപോവുകയുണ്ടായി.

vi) ടിയാന്റെ മേൽ പ്രവർത്തികൾ തികച്ചും ഗുരുതരമായ കൃത്യവിലോപം, നടപടി ദൂഷ്യം, സർക്കാർ ഉദ്യോഗസ്ഥർ പാലിക്കേണ്ടുന്ന നിരുപാധികമായ അച്ചടക്കം, സത്യനിഷ്ഠ, കർത്തവ്യനിഷ്ഠ എന്നിവയുടെ തികഞ്ഞ ലംഘനവുമാണ്.

4) പ്രതിവാദ പത്രികയിൽ ടിയാൻ തന്നിൽ ആരോപിക്കപ്പെട്ട കുറ്റങ്ങളെല്ലാം നിഷേധിച്ചു, തുടർന്നുള്ള ഔപചാരിക അന്വേഷണത്തിൽ ഒന്നുമുതൽ മൂന്നുവരെയുള്ള ആരോപണങ്ങൾ പൂർണ്ണമായും, അഞ്ചാമത്തെ ആരോപണം ഭാഗികമായും നിലനിൽക്കുന്നതായി തെളിഞ്ഞു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടു കൂടി തടഞ്ഞു കൊണ്ട് പരാമർശം (1) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി.

5) ടി ഉത്തരവിനെതിരെ ശ്രീ.രാജേന്ദ്രൻ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ആർ.എസ്) ന് അപ്പീൽ സമർപ്പിക്കുകയും ആയത് പരിശോധിച്ച അപ്പീൽ അധികാരി ശിക്ഷയിൽ ഇളവ് വരുത്തി ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടു കൂടി തടയുന്നതിനും, ടിയാന്റെ സസ്പെൻഷൻ കാലം തിട്ടപ്പെടുത്തി അർഹതപ്പെട്ട അവധിയായി കണക്കാക്കുന്നതിനും തീരുമാനിച്ചു കൊണ്ട് പരാമർശം (2) പ്രകാരം അപ്പീൽ തീർപ്പാക്കി.

6) മേൽ ഉത്തരവിനെതിരെ ടിയാൻ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ച റിവ്യൂ ഹർജി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ലഭ്യമാക്കുകയുണ്ടായി. 6.7.2015 ലെ ഉത്തരവ് പ്രകാരം ടിയാന് നീതി നിഷേധിച്ചിരിക്കുകയാണെന്നും താഴ്ന്ന വരുമാനക്കാരനായ ടിയാന് അപരിഹാര്യമായ നഷ്ടം ടി ഉത്തരവ് മൂലം ഉണ്ടായിട്ടുള്ളതായും ഹർജിയിൽ ബോധിപ്പിച്ചിരിക്കുന്നു. ടിയാനെ നേരിൽ കേൾക്കണമെന്നും ശിക്ഷ ഇളവ് ചെയ്തു നൽകണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു.

7) മേൽ ഹർജിയിൽമേൽ പരാമർശം (4) പ്രകാരം അഭിപ്രായം ലഭ്യമാക്കിയ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ്

ഫോറസ്റ്റ് ടിയാന്റെ വാദഗതികൾക്ക് അർഹമായ പരിഗണന നൽകിയാണ് അച്ചടക്ക നടപടിയും അപ്പീൽ ഹർജിയും തീർപ്പാക്കിയിട്ടുള്ളത് എന്നതിനാൽ കൂടുതൽ ഇളവുകൾ നൽകേണ്ടതില്ല എന്നും റിവ്യൂ ഹർജി പരിഗണിക്കേണ്ടതില്ല എന്നും ശുപാർശ ചെയ്തിരുന്നു.

8) ടിയാന്റെ ഹർജിയിൽ അന്തിമ തീരുമാനം എടുക്കും മുൻപ് ടിയാൻ അഭ്യർത്ഥിച്ച പ്രകാരം ടിയാനെ നേരിൽ കേട്ടിരുന്നു. നേരിൽ കേട്ട വേളയിൽ ശ്രീ.രാജേന്ദ്രൻ താഴെപ്പറയുന്ന വസ്തുതകൾ കൂടി പരിഗണിക്കണമെന്നഭ്യർത്ഥിച്ചു.

1) കൊല്ലം കൺസർവേറ്റർ 7.7.2009 ൽ പുനലൂർ ഡിഎഫ്.ഒ.യ്ക്ക് അയച്ച പി.സി-2425/09-ാം നമ്പർ കത്തിൽ ഏരൂർ സെക്ഷൻ ഫോറസ്റ്റർക്ക് മരം മുറിക്കുന്നതിന് ആപേക്ഷ നൽകിയിരുന്നു എന്നും അന്നത്തെ സെക്ഷൻ ഫോറസ്റ്റർ ശ്രീ.മോഹൻദാസിന്റെ നിർദ്ദേശ പ്രകാരം മാസങ്ങൾക്കു മുമ്പ് തന്നെ തേക്ക് മരം മുറിച്ചിട്ടിരുന്നു എന്നും വ്യക്തമായി പറഞ്ഞിട്ടുണ്ട്. 7.7.2009 ൽ അഞ്ചൽ റെയിഞ്ചാഫീസർ മുമ്പാകെ തടിമുറിപ്പു തൊഴിലാളിയായ വിക്രമൻ നൽകിയ മൊഴിയിൽ മോഹൻദാസ് ഫോറസ്റ്റർ പറഞ്ഞതനുസരിച്ച് ടിയാൻ തന്നെയാണ് ടി മരം മുറിച്ചിട്ടത് എന്ന് സമ്മതിച്ചിട്ടുമുണ്ട്. ടി വിക്രമൻ തന്നെ 8.8.2009 ൽ പുനലൂർ ഡി.എഫ്.ഒ മുമ്പാകെ നൽകിയ മൊഴിയിൽ മേൽ പറഞ്ഞതിനു ഘടകവിരുദ്ധമായി പറഞ്ഞിട്ടാണ് ടി തേക്കു മരം മുറിച്ചിട്ടുണ്ട് എന്നും പറഞ്ഞിട്ടുള്ളത്.

2) ഇപ്രകാരം മൊഴിമാറ്റിയത് അന്നത്തെ പുനലൂർ ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നിർദ്ദേശ പ്രകാരമായിരുന്നെന്നും ആയത് ശ്രീ.രാജേന്ദ്രനോടുള്ള വ്യക്തി വിരോധം തീർക്കാനായിരുന്നു എന്നും ടിയാൻ ആരോപിച്ചു.

3) 4.7.2009 ന് രാവിലെ 8 മണി മുതൽ വൈകീട്ട് 5 മണി വരെ സ്റ്റാഫുമൊത്ത് 11-ാം മൈൽ, മിട്ടായിക്കുന്ന് ഭാഗങ്ങളിൽ ഫീൽഡ് സഞ്ചാരം നടത്തിയത് മൂവ്മെന്റ് രജിസ്റ്ററിലും വീക്കിലി ഡയറിയിലും ടിയാൻ രേഖപ്പെടുത്തിയിട്ടുണ്ട്.

9) ടിയാൻ റിവ്യൂ ഹർജിയിൽ പരിഗണിക്കണമെന്നാവശ്യപ്പെട്ട കാര്യങ്ങളെല്ലാം അന്വേഷണ ഘട്ടത്തിലും അപ്പീൽ ഹർജി തീർപ്പാക്കിയ ഘട്ടത്തിലും പരിശോധിച്ചിട്ടുള്ളതാണ്. ടിയാനെതിരെ സർക്കാർ നഷ്ടം സംബന്ധിച്ചുണ്ടായിരുന്നതൊഴികെയുള്ള മറ്റ് കുറ്റാരോപണങ്ങളെല്ലാം

ഔപചാരികാന്വേഷണത്തിൽ തെളിഞ്ഞ സാഹചര്യത്തിൽ പൂർണ്ണമായും കുറ്റവിമുക്തനാക്കണമെന്ന ആവശ്യം പരിഗണനാഹർമല്ല.

10) ഔപചാരികാന്വേഷണത്തിൽ ഒന്നു മുതൽ മൂന്ന് വരെയുള്ള ആരോപണങ്ങൾ പൂർണ്ണമായും അഞ്ചാമത്തെ ആരോപണം ഭാഗികമായും തെളിഞ്ഞിട്ടുള്ളതിനാലാണ് ടിയാന് ശിക്ഷ നൽകിയത്. ടിയാന്റെ വാദമുഖങ്ങൾ അപ്പീൽ ഹർജി തീർപ്പാക്കിയ വേളയിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ആർ.എസ്) പരിഗണിച്ചിട്ടുമുണ്ട്. നിലവിൽ അത് പുനഃപരിശോധിക്കേണ്ട സാഹചര്യമില്ലായെന്നും ശിക്ഷയിൽ ഇളവ് നൽകേണ്ടതില്ല എന്നും സർക്കാർ കരുതുന്നു. മേൽ സാഹചര്യത്തിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ആർ.എസ്) തീർപ്പാക്കിയ അപ്പീലിലെ ശിക്ഷയായ ശ്രീ.പി.കെ.രാജേന്ദ്രൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടു കൂടി തടയുക എന്ന ശിക്ഷ നിലനിർത്തി റിവ്യൂ ഹർജി തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വേണു.വി.
പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
ശ്രീ.പി.കെ.രാജേന്ദ്രൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട)
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ